**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2542** **06-10-2025-ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ അടുത്ത ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി ഏതാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവിൽ പ്രാബല്യ തീയതി വ്യക്തമാക്കുന്നതാണ് കീഴ്‌വഴക്കം.

**(ബി)** അഞ്ച് വർഷ തത്വം പാലിച്ചുകൊണ്ട് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**മറുപടി:** ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

**(സി)** പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട മുഴുവൻ കുടിശികയും എന്നത്തേക്ക് കൊടുത്തുതീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

**മറുപടി:** G.O (P) No. 38/2025/(79)/FIN. Dtd. 29.03.2025 ഉത്തരവ് പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25 % വീതം) അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന 50% കുടിശ്ശിക തുക സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി അടിസ്ഥാനപ്പെടുത്തി ഉടൻ നിവാരണം ചെയ്യണമെന്ന് സർക്കാർ ലക്ഷ്യമിടുന്നു.

**(ഡി)** 2024 ജൂലൈ മാസം നിലവിൽ വരേണ്ട പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാൻ ഉള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ; ജീവനക്കാരുടെ ശമ്പള പരിഷ്കരണം നിലവിലെ സർക്കാരിന്റെ കാലത്ത് തന്നെ പ്രാബല്യത്തിൽ വരുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും

സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**